# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6365 21.11.2019 ൽ മറുപടിക്ക്**

**കെ.എസ്.റ്റി.പി റോഡ് നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം<br>ശ്രീ.സണ്ണി ജോസഫ് | ഉത്തരം<br>ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.റ്റി.പി പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം റോഡുകളുടെ നിർമ്മാണത്തിനാണ് അനുമതി നൽകിയതെന്ന് അറിയിക്കുമോ; | എ) ലോകബാങ്ക് ധനസഹായത്തോടു കൂടി നടപ്പിലാക്കുന്ന കെ എസ് ടി പി രണ്ടാം ഘട്ട പദ്ധതിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷംആരംഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) ഇതിനായി ഇതിനകം എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | ബി) ലോകബാങ്ക് ധനസഹായത്തോടു കൂടി നടപ്പിലാക്കുന്ന കെ എസ് ടി പി രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ പ്രവൃത്തികൾക്കും കൂടി 13.02.2013 ലെ സ ഉ (കൈ) നം. 16/2013/പൊമവ പ്രകാരം 2403 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| സി) കെ.എസ്.റ്റി.പി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ? | സി) കെ എസ് റ്റി പി പ്രവൃത്തികൾ നീണ്ടു പോകാതെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ഏതെങ്കിലും കാരണത്താൽ നീണ്ടു പോകുകയാണെങ്കിൽ ലോകബാങ്ക് പ്രതിനിധികൾ, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റിയറിംഗ് കമ്മിറ്റി എന്നിവരുടെ അംഗീകാരത്തോടെ മാത്രമേ സമയം നീട്ടി നൽകാറുള്ളൂ. കരാറുകാരന്റെ ഭാഗത്ത് നിന്നുള്ള കാരണത്താലാണ് ഈ കാലതാമസമെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം പിഴ ഈടാക്കുകയോ, കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ

| ക്രമ നമ്പർ | നിയോജക മണ്ഡലം | പദ്ധതിയുടെ പേര് | ദൈർഘ്യം (കി.മീ) | കരാർ തുക ( കോടി) | നിലവിലെ പുരോഗതി |
|---|---|---|---|---|---|
| 1 | തലശ്ശേരി കൂത്തുപ്പറമ്പ് മട്ടന്നൂർ | തലശ്ശേരി - കളറോഡ് റോഡ് | 28.80 | 156.34 | 58.75 % പണികൾ പൂർത്തീകരിച്ചു |
| 2 | മട്ടന്നൂർ പേരാവൂർ | കളറോഡ് - വളവുപാറ റോഡ് | 25.2 | 209.68 | 80% പണികൾ പൂർത്തീകരിച്ചു |
| 3 | തിരുവല്ല | തിരുവല്ല ബൈപ്പാസ് | 2.3 | 37.04 | 22.7% പണികൾ പൂർത്തീകരിച്ചു |
| 4 | തിരുവല്ല | തിരുവല്ല ടൗൺ | 1.9 | 7.77 | 23.8% പണികൾ പൂർത്തീകരിച്ചു |
| 5 | കഴക്കൂട്ടം, നെടുമങ്ങാട്, വാമനപുരം, ആറ്റിങ്ങൽ, ചടയമംഗലം, പുനലൂർ, കൊട്ടാരക്കര, പത്തനാപുരം, അടൂർ, ആറന്മുള, ചെങ്ങന്നൂർ | മാതൃകാ സുരക്ഷാ ഇടനാഴി - കഴക്കൂട്ടം മുതൽ അടൂർ വരെ | 82 | 146.63 | 73.50% പണികൾ പൂർത്തീകരിച്ചു |

### നിലവിൽ ഏറ്റെടുത്ത പ്രവൃത്തികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ദൈർഘ്യം (കി.മീ) | കരാർ തുക (കോടി) | നിലവിലെ പുരോഗതി |
|---|---|---|---|---|
| 1 | പുനലൂർ മുതൽ പൊൻകുന്നം വരെ റോഡ് പുനരുദ്ധാരണം - പാക്കേജ് 8 എ - പുനലൂർ മുതൽ കോന്നി വരെ | 29.84 | 226.61 | ടെൻഡർ മൂല്യ നിർണ്ണയം പൂർത്തീകരിച്ചു കരാർ നൽകുന്നതിനുള്ള അവലോകനം നടന്നുവരുന്നു. |
| 2 | പുനലൂർ മുതൽ പൊൻകുന്നം വരെ റോഡ് പുനരുദ്ധാരണം - പാക്കേജ് - 8 ബി - കോന്നി മുതൽ പ്ലാച്ചേരി വരെ | 30.16 | 279 | കരാറിൽ ഏർപ്പെട്ട് പ്രവൃത്തികൾ ആരംഭിച്ചു. |
| 3 | പുനലൂർ മുതൽ പൊൻകുന്നം വരെ റോഡ് പുനരുദ്ധാരണം - പാക്കേജ് - 8 സി - പ്ലാച്ചേരി മുതൽ പൊൻകുന്നം വരെ | 22.17 | 248.62 | കരാറിൽ ഏർപ്പെട്ട് പ്രവൃത്തികൾ ആരംഭിച്ചു. |
| 4 | അടൂർ - ചെങ്ങന്നൂർ റോഡ് | 21.23 | 93.59 (എസ്റ്റിമേറ്റ് തുക) | ദർഘാസുകളുടെ മൂല്യനിർണ്ണയം പൂർത്തിയായി. കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 5 | പൈനാവ് - തണ്ണിക്കണ്ടം - അശോകകവല റോഡ് | 21 | 86.82 (എസ്റ്റിമേറ്റ് തുക) | ദർഘാസുകളുടെ മൂല്യനിർണ്ണയം പൂർത്തിയായി. കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 6 | ചെമ്മണ്ണാർ ഗ്യാപ് റോഡ് | 19.45 | 127.55 (എസ്റ്റിമേറ്റ് തുക) | ദർഘാസുകളുടെ സാങ്കേതിക മൂല്യ നിർണ്ണയം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ